# എന്റെ അടുക്കലേക്കു മടങ്ങിവരുവിൻ

## മലാഖി 3:7

“നിങ്ങളുടെ പിതാക്കന്മാരുടെ കാലം മുതൽ നിങ്ങൾ എന്റെ ചട്ടങ്ങളെ പ്രമാണിക്കാതെ തെറ്റിനടന്നിരിക്കുന്നു; എന്റെ അടുക്കലേക്കു മടങ്ങിവരുവിൻ; ഞാൻ നിങ്ങളുടെ അടുക്കലേക്കും മടങ്ങിവരും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. എന്നാൽ നിങ്ങൾ; ഏതിൽ ഞങ്ങൾ മടങ്ങിവരേണ്ടു എന്നു ചോദിക്കുന്നു.”

ഇവിടെ നമുക്ക് മൂന്നു കര്യങ്ങളെയാണ് കാണുവാൻ കഴിയുന്നത്.

1. നമ്മെ ദൈവം കുറ്റപ്പെടുത്തുന്നു
2. ദൈവം നമ്മെ അവനിലേക്ക് ക്ഷണിക്കുന്നു.
3. നാം ഇന്നും ദൈവത്തിലേക്ക് ഏതിനാൽ മടങ്ങി ചെല്ലേണം എന്നു ചിന്തിച്ച് പകച്ചു നിൽക്കുന്നു.

ഈ മൂന്നു കാര്യങ്ങളിലൂടെ നമുക്ക് വ്യക്തമാണ് ദൈവം നമ്മെ സ്നേഹിക്കുന്ന ദൈവമാണ് എന്ന്. അതു കൊണ്ടാണ് അവൻ നമ്മെക്കുറിച്ചുള്ള കുറ്റം നമ്മോട് തുറന്നു പറഞ്ഞ് വീണ്ടും നമ്മെ അവനിലേക്ക് ക്ഷണിക്കുന്നത്. എന്നാൽ നാം ഇന്നു ആ ക്ഷണം എപ്രകാരം കൈക്കൊള്ളുന്നു എന്നു ഒന്നു ചിന്തിച്ചു നോക്കുക. ഇന്നു നമുക്ക് അവനോടുള്ള സ്നേഹം ഏത് തലത്തിലാണെന്ന് ഒന്നു നമ്മെ തന്നെ ശോധന ചെയ്ത് നോക്കുക.

പാപത്തിന്റെ അഗാധതയിൽ നിന്നും നമ്മെ തന്റെ സ്വന്ത ജീവനെ നൽകി രക്ഷിച്ചവനെ നാം തിരിച്ച് അതു പോലെ തന്നെ സ്നേഹിക്കുകയും ബഹുമാനിക്കുകയും നമ്മുടെ ജീവിതത്തിൽ അവനു തക്ക സ്ഥാനം നൽകുകയും ചെയ്യുമ്പോൾ മാത്രമേ അവനു നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കാൻ പറ്റുകയുള്ളൂ. കാരണം അവനിൽ പൂർണ്ണമായ ഒരു സമർപ്പണവും ആശ്രയവും ഇല്ലെങ്കിൽ നമ്മുടെ ജീവിതത്തിൽ ഒരു ലക്ഷ്യമില്ലാതെ പോകും. അതു മാത്രമല്ല നമ്മുടെ ജീവിതം ദൈവത്തിൽ സമർപ്പിച്ചില്ല എങ്കിൽ നമ്മിൽ പ്രവർത്തിക്കാൻ, സാത്താനു നാം തന്നെ വഴിയൊരുക്കി കൊടുക്കുന്നവരായി മാറും. കാരണം നമ്മെ സാത്താന്റെയും അവന്റെ സകല ശക്തികളിൽ നിന്നും സംരക്ഷിച്ചു നിർത്തുന്നത് ദൈവത്തിന്റെ കരങ്ങളാണ്. ആ ശക്തി ഇല്ലാതെ പോകുമ്പോൾ അല്ലെങ്കിൽ ദൈവം തന്നെ അതു പിൻവലിക്കുന്ന അവസ്ഥ നമ്മുടെ ജീവിതത്തിൽ ഉണ്ടാവുമ്പോൾ സാത്താനു നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കാൻ എളുപ്പം സാധിക്കും.

മനുഷ്യരുടെ ഒരു പൊതുവായ സ്വഭാവമാണ് അവർ അസ്ഥിരത കൂടുതൽ ഉള്ളവരാണെന്നുള്ളത്. അങ്ങിനെ പറയാൻ കാരണം നാം ചിലപ്പോൾ ദൈവവുമായി വളരെ അടുപ്പത്തിൽ കഴിയും, ദിനം പ്രതി അവന്റെ വചനം ധ്യാനിക്കുന്നു, അതിൻ പ്രകാരം ജീവിക്കാൻ നാം നമ്മുടെ ഹൃദയത്തിൽ തീരുമാനിക്കുന്നു, അങ്ങിനെ ദൈവവുമായി നിരന്തരം ഒരു ബന്ധത്തിലിരിക്കുന്നു. എന്നൽ ആ ബന്ധത്തിന്റെ തീവ്രത നാം അറിഞ്ഞു വരുമ്പോഴേക്ക് നാം ആ പാതയിൽ നിന്നു തെന്നി മാറ്റപ്പെടുന്നു. അതു ചിലപ്പോൾ നമ്മുടെ തന്നെ ജീവിതത്തിലെ ചില തിരക്കുകൾ കൊണ്ട് നമുക്ക് മുൻപ് ഇരുന്നതുപോലെ ദൈവസന്നിധിയിൽ ഇരിക്കാൻ നേരം കിട്ടതെ വരുക, അല്ലെങ്കിൽ നമുടെ ജീവിതത്തിൽ ഏതെങ്കിലും തരത്തിലുള്ള പാപത്തിലേക്ക് വഴുതി വീണു പോകുക അങ്ങിനെ സാത്താൻ ഒരുക്കുന്ന ഏതെങ്കിലും കെണികളിൽ വീണുപോകുക വഴി നമുക്ക് ദൈവവുമായുള്ള ബന്ധത്തിൽ വിള്ളൽ വീഴുന്നു. അതു മൂലം നമ്മുടെ സന്തോഷവും സമാധാനവും എല്ലാം മാറ്റപ്പെട്ടു പോകുന്നു. അതു വഴി നാം നിരാശയിലേക്കും പരാജയ ഭീതിയിലേക്കും അകപ്പെട്ടു പോകുന്നു.

1 പത്രോസ് 5:8 ൽ പറയുന്നതുപോലെ "നിർമ്മദരായിരിപ്പിൻ; ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാചു അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റിനടക്കുന്നു."

സാത്താനു നമ്മെ കുറിച്ചു നന്നായി അറിയാം. അവൻ ഒരു ശിഷ്യൻ എങ്ങനെ അവന്റെ അവന്റെ ഗുരുവിന്റെ ചരണങ്ങളിൽ അനുസരണയോടെ ഇരിക്കുന്നുവോ അതു പോലെ നമ്മുടെ കൂടെ നമ്മെ അനുഗമിക്കും. അവസരം കിട്ടുമ്പോൾ അവൻ നമ്മെ കീഴ്പ്പെടുത്തി അവന്റെ അടിമയാക്കി മാറ്റും. എന്നാൽ നമ്മുടെ ദൈവമോ, നമ്മെ അവന്റെ പ്രിയമക്കളെന്നെണ്ണി അവന്റെ രാജ്യത്തിനവകാശികളായി വാഴാൻ കൊതിച്ച് നോക്കിപ്പാർക്കുന്നു.

പ്രിയമുള്ളവരെ, ഒന്നു നിങ്ങളോട് തന്നെ ചോദിക്കുക. ഞാൻ ആരുടെ കൂടെ? നമ്മെ തകർക്കാൻ തക്കം പാർത്ത് നിൽക്കുന്ന സാത്താന്റെ കൂടെയാണോ അതോ നമ്മെ വീണ്ടും സ്വീകരിക്കാൻ തയ്യറായി മാടി വിളിക്കുന്ന ദൈവ പിതാവിന്റെ കൂടെയാണോ? ഇതിനുള്ള ഉത്തരം നാം കണ്ടെത്തുന്നുവെങ്കിൽ ഇനി നമ്മുടെ ജീവിതത്തിൽ നാം ആദ്യം കണ്ട മൂന്നു കാര്യങ്ങളിൽ അവസാനത്തേതിനുള്ള ഉത്തരം ലഭിക്കും. നാം ഏതിനാൽ ദൈവത്തിങ്കലേക്കു മടങ്ങി ചെല്ലണം.

പരാമർശം :

**യോഹന്നാൻ 14:23**

“യേശു അവനോടു: എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും; എന്റെ പിതാവു അവനെ സ്നേഹിക്കും; ഞങ്ങൾ അവന്റെ അടുക്കൽ വന്നു അവനോടുകൂടെ വാസം ചെയ്യും.”

**റോമർ 8:14**

“ദൈവാത്മാവു നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു.”

**യക്കോബ് 1:22**

“എങ്കിലും വചനം കേൾക്ക മാത്രം ചെയ്തുകൊണ്ടു തങ്ങളെ തന്നേ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ.”

**ബ്രദർ ബിനു ബേബി ആലപ്പുഴ 039**